ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

DATE: 02.10.2026

## പ്രധാനവാർത്തകൾ

1. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിക്കും മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയ്ക്കും ജന്മവാർഷികദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ പുഷ്പാഞ്ജലി അർപ്പിച്ചു.
2. സംസ്ഥാനത്തും വിപുലമായ പരിപാടികൾ. ഗാന്ധിജയന്തി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് മന്ത്രി കെ. മുരളീധരൻ നിർവഹിച്ചു.
3. എസ്ഐആർ നടപടികൾക്ക് ശേഷം, വോട്ടർ പട്ടികയിൽ ഉൾപ്പെടാതെ പോയവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക യജ്ഞം നടത്താൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.
4. 'നിർമലം' - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിന് സംസ്ഥാനത്ത് തുടക്കമായി.
5. സംസ്ഥാന പിന്നാക്കവിഭാഗവികസന കോർപ്പറേഷന്റെ വികസന പദ്ധതികളുടെ പ്രചാരണ പരിപാടി 'സമഗ്ര 2026' രണ്ടാം പതിപ്പ് നാളെ പാലക്കാട് മന്ത്രി കെ. എ. തുളസി ഉദ്ഘാടനം ചെയ്യും.
6. ഏഷ്യൻ ഗെയിംസ് ബോക്സിംഗിൽ ഇന്ത്യയുടെ ലവ്‌ലിന ബോർഗോഹെയ്ന് സ്വർണ്ണം. മെഡൽപട്ടകയിൽ ആറാം സ്ഥാനത്തേക്ക് ഉയർന്ന് ഇന്ത്യ.

RNU TVPM

## ഗാന്ധി ജയന്തി

രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 157-ാം ജന്മവാർഷികദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. ഗാന്ധിജിയുടെ സമാധി സ്ഥലമായ രാജ്ഘട്ടിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ സ്പീക്കർ ഓം ബിർല തുടങ്ങിയവർ പുഷ്പാഞ്ജലി അർപ്പിച്ചു. രാജ്ഘട്ടിൽ നടന്ന സർവ്വധർമ്മ പ്രാർത്ഥനയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുത്തു. മഹാത്മാഗാന്ധി നൽകിയ സമാധാനത്തിന്റെയും അഹിംസയുടെയും സന്ദേശം എക്കാലവും പ്രസക്തമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധിയുടെ സത്യത്തിലും അഹിംസയിലുമുള്ള അചഞ്ചലമായ വിശ്വാസവും, നീതിയോടുള്ള ഉറച്ച പ്രതിബദ്ധതയും, മാനവരാശിക്ക് എന്നും പ്രചോദനമാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ പറഞ്ഞു. ബാപ്പുവിന്റെ ആദർശങ്ങൾ എല്ലാ കാലഘട്ടത്തിലും മാനവരാശിക്ക് വഴികാട്ടിയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഗാന്ധിജയന്തി ദിനത്തിൽ, രാജ്യത്തുടനീളം വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഗാന്ധി ജയന്തിയോടനുബന്ധിച്ച് ഇന്ന് രാജ്യത്തുടനീളം പ്രത്യേക ഗ്രാമസഭകൾ ചേരുന്നുണ്ട്.

RNU TVPM

**********************************

## ഗാന്ധി ജയന്തി - സംസ്ഥാനം

ഗാന്ധിജയന്തി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കിഴക്കേകോട്ട ഗാന്ധിപാർക്കിൽ മന്ത്രി കെ. മുരളീധരൻ നിർവഹിച്ചു. നിയമസഭാ സമുച്ചയത്തിലെ ഗാന്ധി പ്രതിമയിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തി. ഡെപ്യൂട്ടി സ്പീക്കർ

ഷാനിമോൾ ഉസ്മാൻ, നിയമസഭാ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർ ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

*********************************

## ശാസ്ത്രി - ശ്രദ്ധാഞ്ജലി

മുൻ പ്രധാനമന്ത്രി ലാൽ ബഹാദൂർ ശാസ്ത്രിയുടെ 122-ാം ജന്മവാർഷിക ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാഷ്ട്രം. ന്യൂഡൽഹിയിലെ വിജയ് ഘട്ടിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണനും പുഷ്പാർച്ചന നടത്തി. പാർലമെന്റിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്രമന്ത്രിമാർ ബി.ജെ.പി അധ്യക്ഷൻ നിതിൻ നബിൻ, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയവർ പുഷ്പാഞ്ജലി അർപ്പിച്ചു.

RNU TVPM

*********************************

## നിർമലം - ശുചിത്വ കേരളം

സംസ്ഥാനത്തെ സമ്പൂർണ ശുചിത്വത്തിലേക്ക് നയിക്കുന്നതിന് അഞ്ച് വർഷം നീണ്ടുനിൽക്കുന്ന 'നിർമലം' - പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിന് തുടക്കമായി. ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ എറണാകുളത്ത് അല്പം മുൻപ് നിർവഹിച്ചു. 2031 മാർച്ച് 30 ഓടെ കേരളത്തെ സമ്പൂർണ മാലിന്യ വിമുക്ത സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ക്യാമ്പയിന്റെ ലക്ഷ്യം.

*********************************

## ഗാന്ധിജയന്തി - ലക്ഷദ്വീപ്

ഗാന്ധിജയന്തി ദിനാഘോഷങ്ങളുടെ ഭാഗമായി ലക്ഷദ്വീപിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തിയിൽ സംഘടിപ്പിച്ച പ്രഭാത ഭേരി മാർച്ചിൽ വിദ്യാർത്ഥികൾ, സൈനികർ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ ഉൾപ്പെടെ നിരവധിയാളുകൾ പങ്കെടുത്തു.

**********************************

## സ്വച്ഛതാ ഹി സേവ

കേന്ദ്രസർക്കാർ നടപ്പാക്കുന്ന 'സ്വച്ഛതാ ഹി സേവ' ക്യാമ്പയിന്റെ ഭാഗമായി, സംസ്ഥാനത്തുടനീളം ഇന്നലെ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. റബർ ബോർഡിന്റെ നേതൃത്വത്തിൽ കോട്ടയത്ത് വിപുലമായ ശുചീകരണ പ്രവർത്തനങ്ങളും ശുചിത്വബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചു. ആലപ്പുഴ ബീച്ചിലും, പരിസര പ്രദേശങ്ങളിലും ശുചികരണയജ്ഞം നടന്നു. മറൈൻ പ്രോഡക്റ്റ്സ് എക്സ്പോർട്ട്സ് ഡെവലപ്മെന്റ് അതോറിറ്റി, അർത്തുങ്കൽ തീരദേശ പോലീസ് സ്റ്റേഷൻ, ആലപ്പുഴ ടൂറിസം പോലീസ്, ആലപ്പുഴ മുനിസിപ്പാലിറ്റി, ബീച്ചിലെ ചെറുകിട കച്ചവടക്കാർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ, പ്രദേശവാസികൾ പങ്കാളികളായി. സ്വച്ഛത ഹി സേവ ക്യാമ്പയിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ നടന്ന ശുചീകരണ യജ്ഞത്തിന് നിലയം മേധാവി എ ജി ബൈജു, വാർത്താ വിഭാഗം മേധാവി ലമി ജി നായർ എന്നിവർ നേതൃത്വം നൽകി.

PIUTVPM

**********************************

## പ്രത്യേക വോട്ടർചേർക്കൽ യജ്ഞം

തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടികൾ പൂർത്തിയായതിന് ശേഷം, വോട്ടർ പട്ടികയിൽ ഉൾപ്പെടാതെ പോയവരെയും

ആദ്യമായി വോട്ട് രേഖപ്പെടുത്തുന്ന യുവാക്കളെയും ഉൾപ്പെടുത്തുന്നതിനായി, പ്രത്യേക വോട്ടർചേർക്കൽ യജ്ഞം നടത്താൻ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാർക്ക് നിർദ്ദേശം നൽകി. നിലവിലുള്ള വോട്ടർ പട്ടികയും SIR-ന് മുമ്പുള്ള വോട്ടർ പട്ടികയും താരതമ്യം ചെയ്ത്, നിലവിലെ പട്ടികയിൽ ഉൾപ്പെടാതെ പോയ വോട്ടർമാരെ ബൂത്ത് ലെവൽ ഓഫീസർമാർ കണ്ടെത്തി പട്ടിക തയ്യാറാക്കണമെന്നും നിർദേശമുണ്ട്.

*********************************

## സമഗ്ര (ഇൻട്രോ)

RNU TVPM

സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ വികസന പദ്ധതികളുടെ പ്രചാരണ പരിപാടിയായ 'സമഗ്രയുടെ രണ്ടാം പതിപ്പ് നാളെ പാലക്കാട് പറളിയിൽ മന്ത്രി കെ. എ. തുളസി ഉദ്ഘാടനം ചെയ്യും. പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 100 ദിന കർമ്മ പരിപാടിയുടെ സമാപന പരിപാടിയും നടക്കും.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ല പ്രതിനിധി ഫൈസൽ അലിമുത്ത്....**

(വോയിസ്)

*********************************

## ജൻ സേവ് സേ ദേശ് സേവ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും ജൻ സേവ് സേ ദേശ് സേവ അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. ചരക്ക് സേവന നികുതിയെക്കുറിച്ചാണ് ജൻ സേവ് സേ ദേശ്

സേവ അഭിയാൻ പ്രത്യേക പരമ്പരയിൽ ഇന്ന്. വിവിധ കേന്ദ്ര-സംസ്ഥാന നികുതികൾ, നികുതിക്ക് മേലുള്ള നികുതി തുടങ്ങിയ അവസ്ഥയിലായിരുന്ന ആഭ്യന്തര വിപണിയെ ഏകീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2017-ൽ ജി എസ് ടി നടപ്പിലാക്കിയത്. ജി എസ് ടിയിലൂടെ 17 നികുതികളെയും 13 സെസ്സുകളെയും ഒരു പൊതു ചട്ടക്കൂടിന് കീഴിൽ കൊണ്ടുവന്നതിലൂടെ ഒരു രാജ്യം, ഒരു നികുതി, ഒരു വിപണി യാഥാർത്ഥ്യമായി മാറി.

**********************************

## പെരിയാർ കടുവാസങ്കേതം (ഇൻട്രോ)

പെരിയാർ കടുവാസങ്കേതത്തിൽ നടത്തിയ നാലുദിവസം നീണ്ട ജന്തുജാല സർവേയിൽ ആറിനം ജീവജാലങ്ങളെക്കൂടി കണ്ടെത്തി. ഒരു പുതിയ ഇനം പക്ഷി, ഒരു പൂമ്പാറ്റ, നാല് ഇനം തുമ്പികൾ എന്നിവയെയാണ് പുതുതായി തിരിച്ചറിഞ്ഞത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.......**

(വോയിസ്)

RNU TVPM

**********************************

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിൽ മെഡൽ കുതിപ്പ് തുടർന്ന് ഇന്ത്യ. 12 സ്വർണം, 24 വെള്ളി, 34 വെങ്കലം ഉൾപ്പെടെ 70 മെഡലുകളുമായി ഇന്ത്യ മെഡൽപട്ടികയിൽ 6 ആം സ്ഥാനത്താണ്. ബോക്സിംഗിൽ വനിതകളുടെ 75 കിലോഗ്രാം വിഭാഗത്തിൽ ലവ്‌ലിന ബോർഗോഹെയ്ൻ സ്വർണ്ണമണിഞ്ഞു. 2014-ൽ മേരി കോം സ്വർണം നേടിയതിന് ശേഷം ഏഷ്യൻ ഗെയിംസ് ബോക്സിംഗിൽ

ഇന്ത്യ നേടുന്ന രണ്ടാമത്തെ സ്വർണ്ണമെഡലാണിത്. വനിതകളുടെ അമ്പെയ്ത്ത് റീകർവ്ടീം ഇനത്തിൽ ലോക ചാമ്പ്യന്മാരായ ദക്ഷിണ കൊറിയയെ തകർത്ത് ഇന്ത്യ ആദ്യ ഗെയിംസ് സ്വർണം നേടി ചരിത്രം സൃഷ്ടിച്ചു. ഇതേ ഇനത്തിൽ മിക്സഡ് ഇനത്തിൽ ഇന്ത്യ വെള്ളി മെഡലും നേടി. സെയിലിംഗിൽ വനിതകളുടെ ഡിംഗി ഇനത്തിൽ നേത്ര കുമാരൻ വെങ്കല മെഡൽ നേടി.

********************************

## കണ്ണൂർ - കഥകളി മഹോത്സവം (ഇൻട്രോ)

നാലാമത്, കോട്ടയത്ത് തമ്പുരാൻ കഥകളി മഹോത്സവം ഇന്ന് കണ്ണൂർ മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രത്തിൽ ആരംഭിക്കും. എട്ടു ദിവസത്തെ പരിപാടിയിൽ കോട്ടയം രാജാവിന്റെ കഥകൾ ആണ് പ്രധാനമായും ഉൾപെടുത്തുക. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ...

(വോയിസ്)

RNU TVPM

********************************

## മുനവ്വർ റഫാൻ

കോഴിക്കോട് കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ ഡോ. മുനവ്വർ റഫാൻ അന്തരിച്ചു. 45 വയസായിരുന്നു. കോഴക്കോട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലായിരുന്നു. അഴക് പദ്ധതി ഉൾപ്പെടെ കോഴിക്കോട് കോർപറേഷനിൽ നിരവധി ശുചിത്വ പദ്ധതികൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. പാഴ്വസ്തുക്കളിൽ നിന്നു പുനരുപയോഗത്തിലൂടെ പാർക്ക് യാഥാർഥ്യമാക്കിയതിലും ഡോ. മുനവ്വർ റഫാൻ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്.

RNU TVPM